**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2441** **07-07-2022 - ൽ മറുപടിയ്ക്ക്**

**കൈപ്പറ്റാത്ത ലോട്ടറി സമ്മാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി വില്പനയിലൂടെ ലഭിച്ച വരുമാനം വ്യക്തമാക്കുമോ; | (എ) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി വില്പനയിലൂടെ യഥാക്രമം 4910.83 കോടി രൂപയും 7144.54 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയിൽനിന്നും സമ്മാനം നൽകുന്നതിനായി ചെലവഴിച്ച തുക വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത തുകയിൽനിന്നും 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2761.27, 4079.28 കോടി രൂപ വീതം സമ്മാന വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വിവിധ ലോട്ടറികളുടെ ഒന്നാം സമ്മാനം ലഭിച്ചവർക്ക് സമ്മാനത്തുക നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | അവകാശ തർക്കങ്ങൾ, കോടതി/ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനുകളിലെ വ്യവഹാരങ്ങൾ, ടിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം എന്നിവയിൽപ്പെടാത്ത കൃത്യമായ രേഖയുൾപ്പെടെ ഹാജരാക്കിയ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ എല്ലാ സമ്മാന ടിക്കറ്റുകൾക്കും യഥാസമയം സമ്മാനത്തുക നല്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ ഒന്നാം സമ്മാനം ലഭിച്ചതും സമ്മാനം കൈപ്പറ്റാതെ ലാപ്സായതുമായ എത്ര കേസുകൾ നിലവിലുണ്ടെന്നും അതുപ്രകാരം എത്ര തുക സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നറുക്കെടുപ്പ് നടന്ന ഭാഗ്യക്കുറികളിൽ ഒന്നാം സമ്മാനാർഹമായ 16 ടിക്കറ്റുകൾ യഥാസമയം സമ്മാനത്തുകയ്ക്കായി ഹാജരാക്കിയിട്ടില്ല. ഭാഗ്യക്കുറി സമ്മാനം സർക്കാർ അക്കൗണ്ടിൽ വകയിരുത്തിയിരിക്കുന്ന തുകയിൽനിന്ന് വിതരണം ചെയ്യുന്നതിനാൽ യഥാസമയം സമ്മാനം കൈപ്പറ്റാത്ത തുകയുടെ വിശദാംശങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ